# നിബന്ധനകൾ

1. വഴുതക്കാട് സെന്റർ പ്ലാസ്സ ബിൽഡിങ്ങിന്റെ 3, 4 നിലകളിലായി പ്രവർത്തിക്കുന്ന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറുടെ കാര്യാലയത്തിലെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഒരു വർഷത്തേയ്ക്ക് ഡ്രൈവർ ഉൾപ്പെടെ എ.സി ഇന്നോവ കാർ, (2494 cc) ഡീസൽ ഇന്ധനമായ ഒരു വാഹനം ലഭ്യമാക്കുന്നതിനാണ് ക്വട്ടേഷൻ വിളിച്ചിരിക്കുന്നത്. ഈ ക്വട്ടേഷൻ നോട്ടീസിനോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ ആവശ്യമായ രേഖകൾ സഹിതം ക്വട്ടേഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
2. പ്രതിമാസം 2000 കിലോമീറ്റർ എന്ന നിരക്കിൽ ഒരു വാഹനത്തിന് (ഇന്ധനം, ടാക്സ്, ഡ്യൂട്ടി ഡ്രൈവറുടെ വേതനം എന്നിവ ഉൾപ്പെടെ) **ഒരു മാസത്തേക്കുള്ള ജി.എസ്.ടി ഒഴികെയുള്ള നിരക്കാണ് കോട്ട് ചെയ്യേണ്ടത്. ജി.എസ്.ടി ബാധകമെങ്കിൽ പ്രത്യേകമായി അനുവദിക്കുന്നതാണ്. GO(P)No.14/2022/ Trans, Thiruvananthapuram dated 26.4.2022 സർക്കാർ ഉത്തരവ് പ്രകാരം 1500 CC ക്ക് മുകളിലുള്ള വാഹനത്തിന് നൽകാവുന്ന പരമാവധി വാടക നിരക്ക് കിലോമീറ്ററിന് 20 രൂപയാണ്.**

3. ക്വട്ടേഷൻ ലഭിക്കുന്നവർ 3 ദിവസത്തിനുള്ളിൽ എഗ്രിമെൻ്റിൽ ഏർപ്പെടേണ്ടതും പതിനഞ്ച് ദിവസത്തിനകം വാഹനം ലഭ്യമാക്കേണ്ടതുമാണ്. എഗ്രിമെൻ്റ് ഒപ്പ് വെയ്ക്കുന്ന തീയതി മുതൽ ഒരു വർഷമാണ് കരാർ കാലാവധി. കരാർ കാലയളവിൽ യാതൊരുവിധ നിരക്ക് വർദ്ധനയും അനുവദിക്കുന്നതല്ല. പ്രതിമാസം 2000 കിലോമീറ്റർ ദൂരം അധികരിച്ചാൽ കിലോമീറ്ററിന് ഇന്ധനമുൾപ്പെടെ ഈടാക്കുന്ന നിരക്ക് ക്വട്ടേഷൻ നോട്ടീസിനോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ പ്രത്യേകം ക്വോട്ട് ചെയ്യേണ്ടതാണ്.
4. പ്രവൃത്തി ദിവസങ്ങളിൽ ദിവസേന 10 മണിക്കൂർ (സാധാരണ രാവിലെ 8 മുതൽ വൈകുന്നേരം 6 വരെ) ആണ് ഡ്യൂട്ടി സമയം. അത്യാവശ്യ ദിവസങ്ങളിൽ ഇതിൽ വ്യതിയാനങ്ങൾ ഉണ്ടാകുന്നതാണ്.
5. കുറഞ്ഞത് 4 വർഷം അല്ലെങ്കിൽ അതിനുശേഷം നിർമ്മിച്ച നല്ല വർക്കിംഗ് കണ്ടീഷനിലുള്ള വാഹനമായിരിക്കണം നൽകേണ്ടത്.
6. മോട്ടോർ വാഹന നിയമ പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ രേഖകളും കൃത്യമായിരിക്കേണ്ടതാണ്.
7. വാഹനത്തിന്റെ ടാക്സ്ി പെർമിറ്റ്, ആർ.സി.ബുക്ക്, ഇൻഷുറൻസ്, പൊലൂഷൻ സർട്ടിഫിക്കറ്റ്, വാഹന ഉടമ, ഡ്രൈവർ എന്നിവരുടെ തിരിച്ചറിയൽ കാർഡ് ഉൾപ്പെടെയുള്ള എല്ലാ രേഖകളുടേയും പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. അവധി ദിവസം ഉൾപ്പടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
9. എല്ലാ ദിവസവും ഓഫീസർമാർ നിർദ്ദേശിക്കുന്ന കൃത്യസമയത്ത് വാഹനം ലഭ്യമാക്കേണ്ടതാണ്. വാഹനത്തിന് എന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ പകരം സംവിധാനം വാഹന ഉടമ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.
10. വാഹനം ഓഫീസ് ഉപയോഗത്തിനായി എത്തിച്ചതും വിടുതൽ ചെയ്തതുമായ സമയത്തെ കിലോമീറ്റർ റീഡിംഗ് ആണ് പരിഗണിക്കുക.
11. ക്വട്ടേഷൻ അംഗീകരിച്ച വാഹന ഉടമ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറുമായി **500** രൂപ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്. ആർ.സി.ബുക്ക്, ഇൻഷുറൻസ്, പെർമിറ്റ്, വാഹന ഉടമയുടെയും ഡ്രൈവറുടെയും ആധാർ എന്നിവയുടെ അസ്സൽ കരാർ ഒപ്പിടുന്നതിന് മുൻപ് ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ വാഹനം മാറ്റുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. കോൺട്രാക്ടറും വാഹന ഡ്രൈവറും യഥാകാലം ഈ കാര്യാലയത്തിലെ ഓഫീസർമാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
12. എല്ലാ മാസത്തെ അഞ്ചാം പ്രവൃത്തി ദിനത്തിനു മുൻപ് മുൻമാസത്തെ വാഹനത്തിന്റെ ബില്ല് ഉടമ ഹാജരാക്കേണ്ടതാണ്. പ്രതിമാസ ലോഗ്ബുക്ക് /ട്രിപ്പ് ഷീറ്റ് രേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്തതുപ്രകാരം വാഹന വാടക നൽകുന്നതാണ്. അഡ്വാൻസ് പേയ്മെന്റ് ഉണ്ടായിരിക്കുന്നതല്ല. വാഹന ഉടമ നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി സാധാരണഗതിയിൽ ബിൽ നൽകി **3-4** ആഴ്ചകൾക്കകം വാടക തുക നിക്ഷേപിക്കുന്നതാണ്.
13. ഒരു മാസം ആകെ ഓടുന്ന ദൂരം, കരാറിൽ നിശ്ചയിക്കുന്ന പ്രതിമാസ ദൂരത്തിലും അധികരിക്കുന്ന പക്ഷം ടി അധിക ദൂരം മൂന്ന് മാസ കാലയളവിൽ ക്രമപ്പെടുത്താവുന്നതാണ്. മൂന്ന് മാസങ്ങളിൽ ഓടുന്ന ദൂരം ഒരു സ്ലാബ് ആയി പരിഗണിച്ചായിരിക്കും അധിക ദൂരം ക്രമപ്പെടുത്തുന്നത്. ക്രമപ്പെടുത്തിയ ശേഷമുള്ള അധിക ദൂരത്തിന് മാത്രമേ തുക അനുവദിക്കുകയുള്ളു.
14. വാടക തുകയിൽ നിന്നും നിയമാനുസൃതമായി ഉറവിടത്തിൽ നിന്നും ഈടാക്കേണ്ട ടാക്സുകൾ കുറവു ചെയ്യുന്നതാണ്.
15. ക്വട്ടേഷൻ അംഗീകരിക്കുന്നതിനായി കരാറുകാരൻ മുൻകൂർ പരിശോധനയ്ക്കായി വാഹനം കൊണ്ടുവരണം
16. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ഏഴുദിവസത്തെ നോട്ടീസ് നൽകി ഏത് സമയത്തും വാഹനകരാർ റദ്ദാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ക്വട്ടേഷൻ സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുന്നത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ ആയിരിക്കും.

17. കരാർ ലഭിക്കുന്ന വാഹന ഉടമയ്ക്ക് കരാർ റദ്ദാക്കണമെങ്കിൽ ഒരു മാസം മുൻ പ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.
18. ഡ്രൈവർക്ക് കുറഞ്ഞത് 2 വർഷത്തെ ഡ്രൈവിംഗ് പരിചയവും സാധുവായ (ബാഡ്ജ്) ലൈസൻസും ഉണ്ടായിരിക്കണം. ഡ്രൈവർ കൃത്യസമയത്ത് ഡ്യൂട്ടിക്ക് എത്തുന്നു എന്ന് കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്. ഡ്രൈവർ കേരള സ്വദേശി ആയിരിക്കണം.
19. ക്വട്ടേഷൻ നോട്ടീസിൽ ചേർക്കാത്ത നിബന്ധനകളോടെ നൽകുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
20. വാഹനം ഓഫീസിൽ നിന്നും അനുമതി കൂടാതെയും കൃത്യമായി ലോഗ് രേഖപ്പെടുത്താതെയും കൊണ്ടുപോകുവാൻ പാടുള്ളതല്ല. ഓട്ടം കഴിഞ്ഞാലുടൻ ഓരോ ലോഗും (സമയം, ദൂരം, സ്ഥലം) ബന്ധപ്പെട്ട ഉദ്യോഗസ്ഥരെകൊണ്ട് സാക്ഷ്യപ്പെടുത്തി ലോഗ് ബുക്ക് വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്.
21. ഡ്രൈവറുടെ ലൈസൻസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ഡ്രൈവർ മാറുന്ന ഇടവേളകളി ഉൾപ്പടെ എല്ലാ അവസരങ്ങളിലും മുൻകൂട്ടി നൽകേണ്ടാണ്.
22. ഡ്രൈവർമാർ മികച്ച പെരുമാറ്റം ഉള്ളവരം ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരല്ലെന്നും വാഹന ഉടമ ഉറപ്പ് വരുത്തേണ്ടതാണ്.
23. ഒരു വർഷ കരാർ കാലയളവിൽ വാഹനം പൂർണ സമയത്തേക്ക് വകുപ്പിന് ലഭ്യമാക്കേണ്ടതാണ് ഈ വാഹനം ഈ കാലയളവിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല
24. കരാർ പ്രകാരമുള്ള വാഹനം ഓഫീസ് ആവശ്യത്തിനായി ലഭിക്കാത്ത പക്ഷവും ബ്രേക്ക് ഡൗൺ ആകുന്ന പക്ഷവും പകരം വാഹനം അടിയന്തരമായി വാഹന ഉടമ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പകരം വാഹനം കണ്ടെത്തുന്നതിന് വകുപ്പിന് അവകാശം ഉണ്ടായിരിക്കുന്നതും അതിലൂടെ ഉണ്ടാകുന്ന അധിക ചെലവ് വാഹന ഉടമയുടെ ബാധ്യതയായി കണക്കാക്കുന്നതും ആയത് പ്രതിമാസ വാടകയിൽ നിന്നും കുറവ് വരുത്തുന്നതുമായിരിക്കും

25. വാഹനം ദൈനംദിനം വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ് അല്ലാത്തപക്ഷം ഈ വാഹനം ഒഴിവാക്കി മറ്റു വാഹനം ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക ചെലവ് വാഹന ഉടമയുടെ ബാധ്യതയായി നിജ പെടുത്തുന്നതാണ്.
26. എല്ലാ പ്രവൃത്തി ദിവസങ്ങളിലും കരാറുകാരൻ വാഹനത്തിന് ഡ്രൈവറെ നൽകണം, ആവശ്യമെങ്കിൽ ബന്ദ്, ഹർത്താൽ, മുതലായവ ഒഴികെയുള്ള ഓഫീസിൽ നിന്നുമുള്ള മിൻകൂർ അറിയിപ്പ് പ്രകാരം അവധി ദിവസങ്ങളിൽ വാഹനം നൽകേണ്ടതാണ്.
27. ഒരു നിശ്ചിത തീയതിയിലും സമയത്തും വാഹനം എത്തിച്ചേരാൻ

സാധിച്ചില്ലെങ്കിലോ, പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിഴ്ച വരുത്തുകയോ ചെയ്താൽ കരാർ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറ്കടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

28. ഡ്രൈവറുടെ ശമ്പളം, ഇന്ധനം, സർവ്വീസ് ചാർജ്ജ്, ഇൻഷുറൻസ്, വാഹന റിപ്പയർ തുടങ്ങി മുഴുവൻ ചെലവുകളും വാഹന ഉടമ വഹിക്കേണ്ടതാണ്.

29. വാഹനത്തിന് എഗ്രിമെന്റ് കാലയളവിൽ സംഭവിച്ചേക്കാവുന്ന അപകടം/ മറ്റു വിധത്തിൽ ഉണ്ടാകാവുന്ന കേടുപാടുകൾ എന്നിവ സംബന്ധിച്ച മുഴുവൻ ചെലവുകളും വാഹന ഉടമയുടെ ഉത്തരവാദിത്വമായിരിക്കും. വകുപ്പിന് ഇതുമായി ബന്ധപ്പെട്ട് യാതൊരു ഉത്തരവാദിത്വത്തമോ ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

30. കരാറിൽ ഏർപ്പെട്ടു കഴിഞ്ഞാൽ വാഹനത്തിൽ **"മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്", "ഓൺ കോൺട്രാക്ട്"** എന്ന് രേഖപ്പെടുത്തി ബോർഡ് വെക്കേണ്ടതാണ്.

31. ഫാസ്ടാഗ് നിർബന്ധമായും വാഹനത്തിൽ പതിച്ചിരിക്കണം.

32. മുൻ കാലയളവിൽ ഏതെങ്കിലും കാരണവശാൽ **ബ്ലാക്ക്ലിസ്റ്റ്** ചെയ്യപ്പെട്ടവർ പങ്കെടുക്കേണ്ടതില്ല.

33. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ കത്തിടപാടുകളും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറുടെ കാര്യാലയം, സെന്റർ പ്ലാസ്സ ബിൽഡിങ്ങ്, 3,4 നില വഴുതക്കാട്, തിരുവനന്തപുരം-14 ഫോൺ:0471-2778760/1, ഇ മെയിൽ : soildirector@gmail.com എന്ന വിലാസത്തിൽ നടത്തേണ്ടതാണ്.

Digitally signed by
Deepa S
Date: 12-02-2026
12:04:48

**DEEPA S**
**Additional Director(i/c)**

**(മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടർക്കു വേണ്ടി)**